# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3363 13.03.17 ൽ മറുപടിയ്ക്ക്

**<u>നിരീക്ഷണ ക്യാമറകൾ</u>**

| | ചോദ്യം<br>ശ്രീ. മുരളി പെരുനെല്ലി | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | നിരത്തുകളിലൂടെ ഓടുന്ന വാഹനങ്ങളെ നിരീക്ഷിക്കുന്നതിന് കൂടുതൽ സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുവാൻ നടപടി എടുക്കുമോ; | (എ) | സ്വീകരിയ്ക്കുന്നതാണ്. 2017-2018 സാമ്പത്തിക വർഷവും ഇതിനായി തുക വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഗതാഗത നിയമം ലംഘിക്കുന്ന അന്യ സംസ്ഥാന വാഹനങ്ങളെ കണ്ടെത്തുന്നതിനും അമിത വേഗത മൂലം നിരീക്ഷണ ക്യാമറകളിൽപ്പെടുന്ന വാഹന ഉടമകളിൽ നിന്നും പിഴ ഈടാക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | (ബി) | ഗതാഗത നിയമം ലംഘിയ്ക്കുന്ന അന്യസംസ്ഥാന വാഹനങ്ങളിൽ നിന്നും, സംസ്ഥാന ചെക്ക് പോസ്റ്റുകളിൽ നിയമാനുസൃതമായ പിഴയടപ്പിയ്ക്കുന്നുണ്ട്. നിരീക്ഷണ ക്യാമറകളിൽ പ്പെടുന്ന വാഹനങ്ങളുടെ പിഴയീടാക്കുന്നതിന് പ്രസ്തുത ഓഫീസുകളിലേയ്ക്ക് കത്ത് നൽകുകയും, ബന്ധപ്പെട്ട ചെക്ക് പോസ്റ്റുകളിൽവിവരം നൽകി പിഴയീടാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | നിലവിൽ സ്ഥാപിച്ചിട്ടുള്ള എല്ലാ നിരീക്ഷണ ക്യാമറകളും പ്രവർത്തന സജ്ജമാണെന്ന് ഉറപ്പ് വരുത്തുവാനും പ്രവർത്തനസജ്ജമല്ലാത്തവയുണ്ടെങ്കിൽ അവയുടെ തകരാർ പരിഹരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദമാക്കാമോ? | (സി) | പ്രവർത്തനക്ഷമമല്ലാത്തവ ശരിയാക്കുവാനുള്ള പദ്ധതി കേരള റോഡ് സേഫ്റ്റി അതോറിറ്റി അംഗീകരിച്ചിട്ടുണ്ട്. തുക നൽകുന്ന മുറയ്ക്ക് പ്രവർത്തനക്ഷമമാക്കും. വിവിധ കാരണങ്ങൾ കൊണ്ട് നിലവിൽ ഉപയോഗ ശൂന്യമായ ക്യാമറകൾ പുനർ വിന്യസിയ്ക്കാൻ ഉള്ള പദ്ധതി കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ